# 3rd India-Costa Rica Foreign Office Consultations

September 17, 2021

---

**3 മത് ഇന്ത്യ കോസ്റ്ററിക ഫോറിൻ ഓഫീസ് കൺസൾട്ടേഷനുകൾ**
സെപ്റ്റംബർ 17, 2021

ഇന്ത്യയും കോസ്റ്ററികയും തമ്മിലുള്ള ഫോറിൻ ഓഫീസ് കൺസൾട്ടേഷനുകളുടെ മൂന്നാം ഘട്ടം 2021 സെപ്റ്റംബർ 16 നു സാൻജോസിൽ വച്ച് നടന്നു.ന്യൂ ഡൽഹി വിദേശകാര്യമന്ത്രാലയത്തിലെ സെക്രട്ടറിയായ (ഈസ്റ്റ്) മിസ് റിവ ഗാംഗുലി ദാസ് ഇന്ത്യൻ പ്രതിനിധി സംഘത്തെയും കോസ്റ്ററിക്കയുടെ അന്തരാഷ്ട്ര ,ആരാധന മന്ത്രാലയത്തിലെ ഉഭയകക്ഷിബന്ധ, അന്താരാഷ്ട്ര സഹകരണ ഉപമന്ത്രി മിസ് ആൻഡ്രിയാന ബൊലാനോസ് അർഗ്യൂറ്റ കോസ്റ്ററിക്കൻ പ്രതിനിധി സംഘത്തെയും നയിച്ചു.

2. ഇരുരാജ്യങ്ങളും ഉഭയകക്ഷി ബന്ധത്തിന്റെ മുഴുവൻ വ്യാപ്തിയും അവലോകനം ചെയ്യുകയും ഇതുവരെ ഉണ്ടായ പുരോഗതിയിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു. വ്യാപാരം, നിക്ഷേപം, ആരോഗ്യം, മരുന്ന് നിർമ്മാണം, ശാസ്ത്ര സാങ്കേതികവിദ്യ, വികസന പങ്കാളിത്തം എന്നീ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്താൻ അവർ സമ്മതിച്ചു. ഇന്ത്യൻ പ്രൊഫഷണലുകൾക്കും അവരുടെ ജീവിത പങ്കാളിയും ആശ്രിതരും ഉൾപ്പെടെയുള്ള കുടുംബാംഗങ്ങൾക്കുള്ള വിസ നടപടികൾ ലഘൂകരിക്കുന്ന കാര്യം പരിഗണിക്കാൻ കോസ്റ്ററിക്കൻ ഭാഗം സമ്മതിച്ചു.

3. പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, അന്തർദ്ദേശീയ പ്രശ്നങ്ങളും ചർച്ച ചെയ്തു.

4. കോസ്റ്റാറിക്കയുടെ വിദേശ ബന്ധ ആരാധന എന്നി വിഭാഗങ്ങളുടെ ചുമതലയുള്ള മന്ത്രി റൊഡോൾഫോ സോളാനോ ക്വിറോസിനെ ഇന്ത്യൻ പ്രതിനിധി സംഘം സന്ദർശിക്കുകയും ഉഭയകക്ഷി, പ്രാദേശിക, ബഹുരാഷ്ട്ര സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് അഭിപ്രായങ്ങൾ കൈമാറുകയും ചെയ്തു.

5. ഊഷ്മളവും സൗഹാർദ്ദപരവുമായ അന്തരീക്ഷത്തിലാണ് ചർച്ചകൾ നടന്നത്. അടുത്ത ഘട്ട കൂടിയാലോചനകൾ പരസ്പരം സൗകര്യപ്രദമായ തീയതിയിൽ നടത്താൻ ഇരുപക്ഷവും സമ്മതിച്ചു.

സാൻ ജോസ്
സെപ്റ്റംബർ 16, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.